**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 7588**

**15.07.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ ലോൺ അനുവദിക്കാൻ വിവിധ ബാങ്കുകൾ വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതു സംബന്ധിച്ച്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ വിദ്യാഭ്യാസ ലോണിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികളെ പലവിധ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ബാങ്കുകൾ ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പൊതുമേഖലാ ബാങ്കുകൾ ഒഴിച്ചുള്ള ബാങ്കുകൾ വസ്തുവിന്റെ പ്രമാണരേഖകളും കരമടച്ച രസീതുമടക്കം ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) ബാങ്കുകൾ IBA യുടെ മാതൃകാ വിദ്യാഭ്യാസ ലോൺ പദ്ധതി പ്രകാരമാണ് വിദ്യാഭ്യാസ ലോണുകൾ വിതരണം ചെയ്യുന്നത്. പ്രസ്തുത മാതൃകാ വിദ്യാഭ്യാസ പദ്ധതിയ്ക്ക് വിരുദ്ധമായ നടപടികൾ ഉണ്ടായാൽ അത് ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഓരോ ബാങ്കുകൾക്കും വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ ; | |

(-------2)

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ എസ്.ബി.ഐ., എസ്.ബി.റ്റി., കാനറ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ബാങ്കുകളിൽ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | റിസർവ്വ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും മാനദണ്ഡ-പ്രകാരം എന്തൊക്കെ രേഖകളാണ് വിദ്യാഭ്യാസ ലോണിന് വേണ്ടി സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ; | (ഇ) | IBA യുടെ മാതൃകാ വിദ്യാഭ്യാസ പദ്ധതിയുടെ ഒരു പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (എഫ്) | ടി ലോണിന്റെ പലിശ ഇളവ് ലഭിക്കുന്നതിന് എന്താണ് മാന-ദണ്ഡമെന്ന് വ്യക്തമാക്കുമോ ; | (എഫ്) | സംസ്ഥാനത്തെ ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് 01.04.2004 മുതൽ 31.03.2009 വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയ്ക്ക്, പഠനം പൂർത്തിയാക്കി ജോലി ലഭിയ്ക്കാത്ത ബി.പി.എൽ. വിഭാഗക്കാർക്ക്, പഠന കാലാവധിയിലും അതുകഴിഞ്ഞ് ഒരു വർഷത്തേയ്ക്കും ഉള്ള പലിശ തുക സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നു. |

(-------3)

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽ-പ്പെട്ടവർക്ക്, 01.04.2009 ന് മുൻപ് വിതരണം ചെയ്ത/ അനുവദിച്ച വിദ്യാഭ്യാസ വായ്പയ്ക്ക്, 31.12.2013 വരെയുള്ള പലിശ സബ്സിഡി കേന്ദ്ര സർക്കാർ നൽകി വരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 നുശേഷം വിതരണം ചെയ്ത വായ്പാ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്.

**(ജി)** കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന വർക്ക് പലിശ ഇളവിന് അർഹതയി ല്ലെന്ന് ഉത്തരവുണ്ടോ ; ഇവർക്ക് പലിശ ഇളവിന് അർഹതയുണ്ടോ ;

**(ജി)** കേന്ദ്ര സർക്കാരിന്റെ അംഗീകാര-ത്തോടെയുള്ള IBA യുടെ മാതൃകാ വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രകാരം കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നവർക്ക് പലിശ ഇളവിന് അർഹതയില്ല.

(-------4)

| | | | |
|---|---|---|---|
| (എച്ച്) | ബാങ്ക് ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്ന ബാങ്കുകൾക്കെതിരെ ആർക്കാണ് പരാതി നൽകേണ്ടത്; ഓഫീസിന്റെ പേരും ഇ-മെയിൽ വിലാസവും നൽകാമോ ? | (എച്ച്) | വിദ്യാഭ്യാസ വായ്പകൾ സംബന്ധിച്ച പരാതികൾക്ക് തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായുള്ള സമിതി നിലവിലുണ്ട്. ലീഡ് ബാങ്ക് മാനേജർ ഇതിന്റെ കൺവീനറും, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, മുഖ്യ ബാങ്കുകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ഇതിലെ അംഗങ്ങളായിരിക്കും. ഈ സമിതി ആവശ്യമുള്ളപ്പോൾ യോഗം ചേരുകയും പരാതികൾക്ക് തീർപ്പു കൽപ്പിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**